# ഉയരെ

## LET THEM FLY


## ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് ചുഴലി

# Table of Contents


വര: സഹൽ പി 10 C....5
ഏകനായി....6
നേഹ രമേഷ്....6
10 C....6
All SINGLE SELFIE FULFILED THE DREAM....9
മുത്തശ്ശന്റെ നാട്....13
Zaya fathima k.p....13
5D....13
മഴ....16
നന്ദന എം.എം....16
6 എ....16
Oh! it was a dream....17
ARYA.K....17
9.C....17
പൊന്നുവിന്റെ....22
കുഞ്ഞുമോഹങ്ങൾ....22
മയൂഖ് സി....22
5 ബി....22
Selfie....23
Chithra AP....23
10 C....23
By,....26
Rohith A K....26
9 B....26
ന്യൂജൻ ലോകത്തിന്റെ പോക്ക്....27
നന്ദ ഉണ്ണികൃഷ്ണൻ....27
5 ബി....27
The Mad....28
Akash K....28
9 C....28
ചിരി....29
സോന സി പി - 9....29
One selfie, one life....30
Rohith. A K....30
9 B....30

കിച്ചുവിനെ രക്ഷിച്ച മിക്കു...31
ദേവാംഗന...31
5 D...31
കൊച്ചു കാഴ്ച്ചകൾ...32
ഫാത്തിമ റസാഖ് - 9 A...32
ഇരുമ്പഴിക്കുള്ളിൽ...33
നേഹ രമേഷ്...33
10 C...33



വര: സഹൽ പി 10 C

# ഏകനായി

നേഹ രമേഷ്

10 C

അന്ന് രാത്രി ദീപു ഉറങ്ങിയിരുന്നില്ല. കഴിഞ്ഞ വർഷം ആ ദിവസങ്ങളിൽ അവന്റെ ഉറ്റവരെ അവന് നഷ്ടപ്പെട്ടിരുന്നു. അച്ഛനും അമ്മയും അനുജനുമൊത്ത് ഉറങ്ങിയ ആ രാത്രിയിൽ എവിടുന്നോ ഒരു ഗർജനം പോലെ വന്നെത്തിയ പാറക്കഷണങ്ങളിലകപ്പെടാതെ അവൻ രക്ഷപ്പെട്ടു. തന്റെ കൊച്ചനുജന് ഒന്നു കരയാൻ കൂടി കഴിയാതെ ആ മൺകൂനയിൽ അകപ്പെട്ടു. ഒപ്പം അവന്റെ അച്ഛനും അമ്മയും കൊച്ചനുജനുമൊത്ത് കളിച്ചും ചിരിച്ചും അവന് മതിയായിരുന്നില്ല. എന്നാൽ ആ പാവം പത്ത് വയസ്സുകാരനോട് ദൈവം എന്തിനോ ഒരു ക്രൂരത ചെയ്തു.

തനിച്ചായ അവനെ അനാഥാലയത്തിലേക്ക് അവിടുത്തെ സിസ്റ്റർ കൂട്ടിക്കൊണ്ടുവന്നു. പണ്ട് അച്ഛനൊപ്പം അവൻ അവിടെ ചെന്നിരുന്നു. അന്ന് അവന് ആ കുട്ടികളെ ഭയമായിരുന്നു. കാരണം അവൻ വളരെ ചെറുതായിരുന്നു. പിന്നീട് സ്കൂളിൽ നിന്ന് കൂട്ടുകാരുമൊത്ത് അവൻ വന്നപ്പോൾ അവരോടൊപ്പം അവൻ കളിച്ചും ചിരിച്ചും കഴിഞ്ഞിരുന്നു. സിസ്റ്ററിന്റെ കൂടെ അവൻ അവിടെയെത്തിയപ്പോൾ അവനെപ്പോലുള്ള നിരവധി കുട്ടികളെ അവിടെ കണ്ടു. അവന് ഒരു ചങ്ങാതിയെയും കിട്ടി. മനു എന്നായിരുന്നു അവന്റെ പേര്.

തലേ ദിവസം മുതലേ അവൻ പത്രത്തിൽ വായിച്ചിരുന്നു, പ്രളയം വീണ്ടും വന്നു എന്ന വാർത്ത. അവൻ വളരെ ദു:ഖിച്ചു. അവൻ സിസ്റ്ററമ്മയുടെ അരികിലേക്ക് ചെന്നു. “സിസ്റ്റർ എനിക്ക് പേടിയാകുന്നു. എന്റെ പ്രിയപ്പെട്ടവരെല്ലാം പോയിട്ട് ഒരു വർഷമായി. സിസ്റ്റർ വീണ്ടും അതുപോലെ സംഭവിക്കുമോ?”. “ദീപു നീ വിഷമിക്കേണ്ട, ഞങ്ങളെല്ലാമില്ലേ. മോൻ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല". സിസ്റ്റർ പറഞ്ഞു.

അവന്റെ കൈകളിലേക്ക് ഒരു കുഞ്ഞ് കർത്താവിന്റെ രൂപവും വച്ചുകൊടുത്തു. ഉറങ്ങുമ്പോഴും അവൻ അത് നെഞ്ചോട് ചേർത്തു പിടിച്ചു. അവൻ പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു. ഉറക്കത്തിൽ ഒരു നല്ല സ്വപ്നം കാണാൻ പോലും അവൻ മറന്നിരുന്നു. ആ പ്രളയം അവന്റെ സ്വപ്നങ്ങൾ എല്ലാം തന്നെ നശിപ്പിച്ചിരുന്നു. പിന്നെയും അവൻ കേട്ടത് അമ്മയുടേയും അച്ഛന്റെയും തന്റെ ജീവനായിരുന്ന കൊച്ചനുജന്റെയും നിലവിളികൾ മാത്രം.

ഏതോ ഒരു ഗർജനം അവൻ കേട്ടു. അമ്മേ....... അവൻ ഞെട്ടിയെഴുന്നേറ്റു. സ്വപ്നം തന്നെയാണോ? അതോ...? അതെ അത് സംഭവിക്കുകയാണ്. അനാഥാലയത്തിനു പിറകിലേ ആ വലിയ മല അത് ഉരുണ്ടു വരികയാണ്. അവൻ ഒരിക്കൽ മനുവിന്റെ കൂടെ അതിനു മുകളിൽ പോയിട്ടുണ്ട്. അവിടെ നിന്ന് കളിച്ചിട്ടുണ്ട്. മനു പറഞ്ഞത് കേട്ട് അച്ഛനും അമ്മയ്ക്കും വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. അതിനു മുകളിലെ അമ്പലത്തിൽ പോയി വിളക്ക് വച്ചിട്ടുണ്ട്. എന്നാൽ ദൈവം കുടികൊള്ളുന്ന ആ സ്ഥലം അടക്കമാണ് ആ ഒഴുകി വരുന്നത്. ആരുടെയൊക്കെയോ നിലവിളി. മനു...... അവൻ വിളിച്ചു. സിസ്റ്റർ...... ഇല്ല, ആരും വിളി കേട്ടില്ല. അവൻ ഓടി. ആരുടെയൊക്കെയോ കൂടെ. ആ മലയുടെ മറുഭാഗത്ത് അവരെല്ലാം

എത്തി. ആ ആൾക്കൂട്ടത്തിൽ അവനറിയുന്ന ആരും ഉണ്ടായിരുന്നില്ല. ഇത്തിരി അപ്പുറത്ത് ഒരു അനാഥാലയം നിലം പതിച്ചിരിക്കുന്നു.

നേരം വെളുത്തു. നിരവധി ആൾക്കാർ, പോലീസ്. അങ്ങനെ ഒരുപാട് പേർ മറ്റുള്ളവരെ തിരയുകയായിരുന്നു. അതിനിടയിൽ അവൻ ഓടിച്ചെന്നു. എല്ലാവരും ചേർന്ന് അവനെ പിടിച്ചുമാറ്റി. അപ്പോഴാണ് അവൻ അത് ശ്രദ്ധിച്ചത്. മണ്ണിനടിയിൽ അവന് സിസ്റ്ററമ്മ നൽകിയ കർത്താവിന്റെ രൂപം. അതിനരികിലായി മനുവിന്റെ പെട്ടിയിലെ കുഞ്ഞ് ഗണപതി വിഗ്രഹവും. അവന് ആകെ ഉണ്ടായിരുന്നത് മനുവും സിസ്റ്ററമ്മയും മാത്രമായിരുന്നു. അവരും അവന് അഭയമായിരുന്നയിടവും എല്ലാം ഇല്ലാതായി. എങ്ങ് പോകണമെന്ന് പോലും അവന് അറിയുമായിരുന്നില്ല. അവിടെ ഉണ്ടായിരുന്നവരുടെ കൂടെ ഒരു ജീപ്പിൽ കയറി അവൻ ക്യാമ്പിലെത്തി. ഓരോ കുടുംബങ്ങളും ഓരോ ദിക്കിൽ. അവിടെ ഒരുപാട് പേരുണ്ടായിരുന്നു. ചില ദിക്കിൽ ചിരിയും തമാശയും. ചില ദിക്കിൽ നിലവിളി. അവൻ ഒരു കോണിൽ തനിച്ചിരുന്നു. അവന്റെ പ്രിയപ്പെട്ടവരെയോർത്ത് തേങ്ങിക്കരഞ്ഞു. "ഞാൻ സ്നേഹിച്ചവരും എന്നെ സ്നേഹിച്ചവരും എല്ലാം പോയി. എന്നെ മാത്രം എന്തിന്?"

അവന് കൂട്ടായി കുഞ്ഞ് കർത്താവിന്റെ രൂപവും ഒരു കുഞ്ഞ് ഗണപതിയും. അവന് ഇഷ്ടപ്പെട്ട പൂക്കളും മരങ്ങളും മലകളുംപുഴകളുമെല്ലാം അവനെ വീണ്ടും വീണ്ടും ശിക്ഷിച്ചു. ഒരു തെറ്റും ചെയ്യാതെ ജീവിച്ച ആ കുഞ്ഞും മുതിർന്നവർ ചെയ്ത തെറ്റിന്റെ ഫലം അനുഭവിച്ചു.


# All SINGLE SELFIE FULFILED THE DREAM

Vaishnav is a young boy. He had no job so his parents always considered himself as a black sheep all his friends made fun of him but he was an excellent photographer. He was very interested in taking pictures of animal, birds, natural resources etc.

He had only a dream to take the photo of him by himself. Vaishnav lived in village not in city. so he had no idea about taking a selfie. one day with his friends, Vaishnav went to a hill slope Vaishnav went there the mountain was really attractive and a short men was on there in the mountain.

He was a selfie stick seller there were tourist in the mountain, they smart phones with them and they all bought selfie sticks. Vaishnav went to the short men and admired at him, and enquired more about the selfie stick, from them Vaishnav understood that it was possible to him to capture his own photograph by himself so he went near to mountain and with the help of his friends. he took a wonderful selfie, it was gorgeous and beautiful among the tourist there was an American who loved photographers and there pictures. He saw Vaishnav and was pleased by his pictures. KIM was a millionaire and was very happy to see Vaishnav’s pictures. KIM and Vaishnav became good friends. KIM uploaded Vaishnav’s selfie in his facebook and Vaishnav received wonderful.

Comments and applause this selfie of Vaishnav was the best photograph in the world. It is because of his great passion. Vaishnav fulfilled his dream.


K Anandhu

# മുത്തശ്ശന്റെ നാട്

**Zaya fathima k.p**

**5D**

അപ്പുവിന് മുത്തശ്ശൻ എന്ന് പറഞ്ഞാൽ ജീവനായിരുന്നു. അമ്മ അടിക്കാൻ വന്നാൽ മുത്തശ്ശന്റെ പിന്നിൽ മറഞ്ഞിരിക്കും. മുത്തശ്ശൻ ഒരു കാരണവശാലും അപ്പുവിനെ അടിക്കാൻ അവന്റെ അമ്മയെ സമ്മതിക്കില്ലായിരുന്നു. "അപ്പുവിന് മുത്തശ്ശൻ മുത്തശ്ശന് അപ്പു" എന്നത് അങ്ങാടിപ്പാട്ടായിരുന്നു. അത്രയും അവർ ഒത്തിരുന്നു. രാവിലെ എഴുന്നേറ്റയുടൻ മുത്തശ്ശനും അപ്പുവും ആരിത്തോട്ടിൽ കുളിക്കാൻ പോകും. അരുവിത്തോട് എന്നാണ് തോടിന്റെ പേര്. നാട്ടുകാർ പറഞ്ഞ് പറഞ്ഞ് ആരിത്തോട് എന്നാക്കിയതാണ്. പല്ല് തേച്ചയുടൻ ഉമ്മറത്തിരുന്ന് ചായ കുടിക്കും. പിന്നെ അപ്പു സ്കൂളിൽ പോകും. മുത്തശ്ശന് അപ്പുവിനെ സ്കൂളിൽ അയക്കാൻ പേടിയായിരുന്നു. അപ്പുവിന് അപകടം പറ്റുമോ എന്നോർത്ത് മുത്തശ്ശൻ തന്നെ കൊണ്ടുവിടും. വീട്ടുമുറ്റത്താണ് സ്കൂളെങ്കിലും മുത്തശ്ശൻ കൊണ്ടുവിടും. വൈകുന്നേരം കൂട്ടാൻ വേണ്ടി കൃത്യസമയത്ത് തന്നെ എത്തും. അപ്പുവിന്റെ അമ്മ എന്നും പറയും :വീട്ടുമുറ്റത്ത് സ്കൂളായിട്ടും എന്തിനാണ് അച്ഛൻ വെറുതെ അവനെ സ്കൂളിൽ കൊണ്ടാക്കുന്നത്.എത്ര പറഞ്ഞാലും മുത്തശ്ശൻ അതു ചെയ്യും. അപ്പുവിന് ഇഷ്ടമല്ലാത്ത രംഗമാണ് മുത്തശ്ശനെ വഴക്കുപറയുന്നത്. അങ്ങനെ കുറേ നാൾ കടന്നു. പെട്ടെന്നാണ് അപ്പുവിന്റെ അച്ഛന് വിദേശത്ത് ഒരു ജോലി കിട്ടിയത്. അപ്പുവിന്റെ അച്ഛൻ മുത്തശ്ശനോട് പറഞ്ഞു:അച്ഛാ, എനിക്ക് വിദേശത്തൊരു ജോലി കിട്ടിയിട്ടുണ്ട്. ഉടനെ തന്നെ പേര് രജിസ്റ്റർ ചെയ്യണം. അതിന്റെ പിറ്റേന്ന് തന്നെ ജോയിൻ ചെയ്യാം. എന്തായാലും ഞാൻ അവിടെ പോകുന്നതല്ലേ? അതിനാൽ ഭാര്യയേയും

അപ്പുവിനേയും കൂടെക്കൂട്ടാം. അപ്പുവിനെ വിദേശത്ത് പഠിപ്പിക്കുകയും ചെയ്യാം. അച്ഛനും അമ്മയും ഇവിടെ നിൽക്കില്ലേ? ഇത് കേട്ടപ്പോൾ മുത്തശ്ശന് അമ്പ് നെഞ്ചിൽ കുത്തുന്ന വേദനയാണുണ്ടായത്. പക്ഷേ തിരിച്ചൊന്നും പറഞ്ഞില്ല. കാരണം അപ്പുവിന്റെ കാര്യങ്ങൾ അച്ഛനമ്മമാരല്ലേ തീരുമാനിക്കേണ്ടത്. മുത്തശ്ശന് യാതൊരവകാശവുമില്ലല്ലോ എന്നോർത്തു. കാര്യങ്ങളെല്ലാം ജനാലയ്ക്ക് പിന്നിലുണ്ടായിരുന്ന അപ്പു കേട്ടു. അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ നിറഞ്ഞു കവിയുന്നുണ്ടായിരുന്നു. കാരണം മുത്തശ്ശനെ പിരിയുക എന്നത് പ്രയാസമാണ്. അപ്പുവിന് വിദേശത്തു പോകേണ്ട ദിവസം വന്നു ചേർന്നു. എല്ലാ സാധനങ്ങളും എടുത്ത് വച്ച് അപ്പു മുത്തശ്ശനടുത്തേക്ക് ഓടി വന്നു.അവൻ മുത്തശ്ശനെ കെട്ടിപ്പിടിച്ച് കൊണ്ട് പറഞ്ഞു:മുത്തശ്ശാ, മുത്തശ്ശാ എനിക്ക് മുത്തശ്ശനെ വിട്ടുപിരിയാൻ വയ്യ. എനിക്കു വിദേശത്ത് പഠിക്കാൻ ഇഷ്ടവുമില്ല. അപ്പോഴേക്കും അച്ഛൻ ഉമ്മറത്തെത്തി. മുത്തശ്ശൻ തിരിച്ചൊന്നും പറയാതെ അപ്പുവിന്റെ ഒരുമ്മ കൊടുത്തു.അപ്പുവിന്റെയും മുത്തശ്ശന്റെയും കണ്ണ് നിറഞ്ഞിരുന്നു. എല്ലാവരും കാറിൽ കയറി. നിറഞ്ഞ കണ്ണുകളോടെ അപ്പു മുത്തശ്ശനെ നോക്കുകയാണ്.മുത്തശ്ശൻ തിരിച്ച് നോക്കിയില്ല. വിഷമത്തോടെ അപ്പുവിനെ കാണാൻ വയ്യാതെ കണ്ണടച്ച് നിൽക്കുക മാത്രം ചെയ്തു. കാർ മെല്ലെ നീങ്ങി. വീട് മറയും വരെ അപ്പു മുത്തശ്ശനെ നിറച്ച കണ്ണുകളോടെ നോക്കിനിന്നു. കുറച്ച് ആഴ്ച കഴിഞ്ഞപ്പോഴാണ് മുത്തശ്ശനൊരു കത്ത് കിട്ടിയത്. അതിലെ വാചകം ഇപ്രകാരം ആയിരുന്നു: എന്റെ അച്ഛന് അപ്പുവിന്റെ അച്ഛൻ എഴുതുന്നത്, അപ്പു കുറച്ചുനാളായി അച്ഛനെ കാണാതെ വിഷമിച്ചിരിക്കുന്നത്. അവൻ നാലാം തവണയാണ് ഇപ്പോൾ തല ചുറ്റി വീണത്. ആയതിനാൽ ഈ അടുത്ത ദിവസം തന്നെ നമ്മൾ നാട്ടിലെത്തും. മുത്തശ്ശന് ഇത് വായിച്ചപ്പോഴേക്കും പേടിയായി.

അപ്പുവിന്  എന്തെങ്കിലും പറ്റിയോ എന്ന് ഓർത്ത്. കുറച്ച് ദിവസങ്ങൾക്കകം അവർ നാട്ടിലെത്തി. കാരണം മുത്തശ്ശനെയും മുത്തശ്ശന്റെ നാടിനെയും വിട്ട് അപ്പുവിന് ജീവിതമില്ല എന്നവർക്ക് ബോധ്യമായി കഴിഞ്ഞു. വീട്ടുമുറ്റത്തെത്തി കാർ . അപ്പു കാറിൽ നിന്നിറങ്ങി. നിറകണ്ണുകളോടെ മുത്തശ്ശൻ അപ്പുവിനെ വാരിപ്പുണർന്ന് നെറ്റിയിൽ തുരുതുരാ ഉമ്മവച്ചു. ജീവിതകാലം മുഴുവൻ മുത്തശ്ശന്റെ നാട്ടിൽ മുത്തശ്ശനോടൊപ്പം അപ്പു കഴിഞ്ഞു.



# മഴ

നന്ദന എം.എം

6 എ

മഴ മഴ മഴ മഴ മഴ വന്നേ

കുടയും ചൂടി നടന്നേ ഞാൻ

മഴയൊരു പാട്ടായ് തോന്നുന്നു

രസികൻ പാട്ടായി തോന്നുന്നു

വാടിയ ചെടിതൻ മുഖമെല്ലാം

ചറപറ ചറപറ മഴപെയതു

ഇടിയും മിന്നും വന്നല്ലോ

പുഴയും കുളവും നിറഞ്ഞല്ലോ

തോണികളെല്ലാം ഒഴുകുന്നു

മയിലുകൾ നൃത്തം വയ്ക്കുന്നു

മഴ മഴ മഴ മഴ മഴ വന്നേ

കുടയും ചൂടി നടന്നേ ഞാൻ

# Oh! it was a dream

**ARYA.K**

**9.C**

once in a sunlight

I walking through a magical wood ,

The crimson splender of sun

fell to my soft beautiful face

the charping of the bird were the background musics

the rustling of the leaf were the drummers and volionist

quickly heard a frightening noice

like roaring of a lion

oh ! It was a thunder

and along with him arrived the rain

it showered me and my cloths

where drenched by the rain

I was wet and was cold

suddenly an angel appeared to me
with a hot blue blanket

it gave me much relief
i was very happy and thankful
to thank that mercifull spirit
i went in search of her

but i couldn't find that spirit
where? Where? where is she?
Oh! i forgot, it was a wonderful dream


By Devika.E.K. 5.D

# പൊന്നുവിന്റെ

# കുഞ്ഞുമോഹങ്ങൾ

മയൂഖ് സി.

5 ബി

വന്നാട്ടെ വന്നാട്ടെ

പൂമ്പാറ്റകുഞ്ഞേ വന്നാട്ടെ

പാറിപ്പറന്ന് നടക്കുമ്പോൾ

കുഞ്ഞുപൊന്നുവിൻ കൈവിരലിൽ

കുഞ്ഞുമുത്തം തന്നിട്ടു നീ

കുഞ്ഞു പൂമ്പാറ്റെ പൂങ്കരളെ

കുഞ്ഞു പൂമ്പാറ്റെ പൂങ്കരളെ

# Selfie

**Chithra AP**

**10 C**

"Ram, wake up Don't you want to go to school?"

Ram's mom called him."mom, please give me five more minutes. I am too tired." Ram always have such an excuses. "Neenu, let him sleep. Look his eyes. He is looking too tired." Ram's father is always with him. "You know? He didn't look tired because, he spent most of his time in his smart phone, by taking selfies and putting it in facebooks and all." Ram's mother discourage her son's mobile uses. "What mom? You are old generation and you don't know today's life style and trend's." Ram didn't step back. "yes. I didn't know today's lifestyle and trends. But i know the problems which will happen because of this trend's."

Ram is really a lazy boy he spent most of his leisure time in his smart phone. He always become angry with his mom when she tells about his uncontrollable mobile use. He is a twelve year old boy . Rather, tall in built with his clear dark eyes. As an adolescent boy, he like to Take more challenges. He sit near the well and take selfies. When his mom quarrel him, he becomes angry.

"Children, we are planned to go a trip to Singapore on next Monday. Those who like to participate in it can give names tomorrow. "children's face looked like a shining star. Every one become happy." Ram, are you going to Singapore?" Ram's friend Shyam asked. "May be." Ram replied come man, lets

enjoy it.” Shyam told. “Will you take mobile?” Ram enquired. “Of course. I will. Won’t you?”with glowing eyes, Ram replied “Yes I surely take mobile”.

At evening when Ram returned to his home, by seeing his happiness mom asked to him. “Why you look so happy today”. “Mom, you know, Our teacher told to us that, there will be a trip to Singapore on coming Monday” Ram replied. “Are you interested to go there?” “Yes mom” “Okay let’s tell to further mom always need permission of her husband. “Mom, can I take mobile phone” “No you can’t” mom replied to Ram’s unwanted question. “Then, if I want to tall you what shall I do?”Ram excused “You can ask to your teacher. “Mom put forward her opinion.” “I will ask to dad. He will allow.”

At night, when dad entered to home after work,Ram ran near to him. “Son, why you look so happy?”father enquired. “Dad, there will be a trip to Singapore from our school. So Shyam and all will take mobile phone. Mom don’t allow me to take mobile. Please dad, can I take it?” “Yes you can.” Ram’s dad didn’t like to see his son’s crying face.

On Monday, the first day of trip, some children’s hand, there was mobile and also selfie sticks on the trip. When they were near a big building, teacher told to her children. “Dear children, this is a building which was built hundred year ago. Look, how tall it is.

Let’s take it as your wonderful opportunity to see it. “Ram, if we don’t get any more chance to see it, so let’s take a photo” Shyam asked. “Oh sure. Not just a photo. Let’s take a selfie it self.” Ram replied. “Okay.” “Teacher, we will come

soon let’s enter inside this building. We need to enjoy more beauty.”Both of them told. “Okay,You can, But come soon.” Teacher never think that his children is going to take selfie. “Shyam, we can take a selfie by standing near to the fifth floor. If we do so and put it in facebook, we will get more likes.”

They went to fifth floor, taking it as a challenge,

they stand near to the top of the building. If they move a little..., they both pose for selfie. For bringing more pose, Ram moved a little. There was a narrow path. As Ram didn’t noticed it, he fall from that five floored building to down. With out wasting a second Shyam put it in facebook along with a selfie stick. “At Singapore.”



**By,**

**Rohith A K**

**9 B**

# ന്യൂജൻ ലോകത്തിന്റെ പോക്ക്

നന്ദ ഉണ്ണികൃഷ്ണൻ

5 ബി

അമൽ ഫോണിൽ ഗെയിം കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് അപ്പൂപ്പൻ വന്നത്. അദ്ദേഹം വിചാരിച്ചു അവൻ വെറ്റിലയിൽ

ചുണ്ണാമ്പ് തേയ്ക്കുകയാണെന്ന്. “നീ എന്താ വെറ്റിലയിൽ ചുണ്ണാമ്പ് തേയ്ക്കുന്നേ? കുട്ടികൾ ഇതൊന്നും ഉപയോഗിക്കരുത്."

അപ്പൂപ്പൻ പറഞ്ഞു. അവൻ ചോദിച്ചു.“അപ്പൂപ്പാ ഇത് ഫോണാണ്.

ഈ വെറ്റിലയെന്താണ്?” അപ്പൂപ്പൻ വെറ്റിലയെക്കുറിച്ച് ഒരു പ്രസംഗം തന്നെ അവിടെ വിളമ്പി. പറഞ്ഞ് കഴിഞ്ഞ് അമലിനെ നോക്കിയപ്പോൾ അവൻ ഫോണിൽ എന്തോ സർച്ച് ചെയ്യുകയായിരുന്നു. അമൽ ഫോൺ കാണിച്ചു കൊണ്ട് പറഞ്ഞു:“അപ്പൂപ്പാ, ഇതാണോ വെറ്റില?” ഫോണിൽ വെറ്റിലയിൽ ചുണ്ണാമ്പ് തേച്ച് മുറുക്കുന്ന ഒരു മുത്തശ്ശിയുടെ ഫോട്ടോ അപ്പൂപ്പൻ കണ്ടു. അദ്ദേഹം ആ സമയത്ത് ന്യൂജൻ

ലോകത്തിന്റെ രസതന്ത്രത്തിൽ മുങ്ങിത്താണു.

# The Mad

**Akash K**

**9 C**

One day in a big village. There were many many people working in a forest. Jony is the main boss in their work. Jony is very greedy man but he love his working people. One day the workers will go to their home. Johny get a mobile that is very beautiful to see. And a big voice coming out. The mobile is very different t other mobiles don't over use it that time the mobile will desperate. Jony will not hear the voice. He was very greedy man and he go fastly to his home. And his hobby was to take Selfie all time. When he eat food, and sleep all time he take selfie. And his brother shout at him to stop taking selfie he didn't heard. His friends hated him. Everybody hate him. And he didn't stop. The voice he didn't remember. And he start his job. All time he start his selfie. Jony has got Selfie mad. Many days later one afternoon his mobile was not working properly. He go to the mobile shop and they said we have not helpful. And he got very sad and he go to his home that time the phone will desperate on his hand. And he cried up on a large sound and his mother came and said “the mobile and your selfie is very bad to your eyes”. And long days later he had to change in a new life he don't like to take selfie in any form and he didn't go to forest.

# ചിരി

സോന സി പി - 9

വാതിൽ പഴുതിലൂടതാ കാണ്മൂ,

വശ്യമനോഹരമാം പ്രകൃതി.

കിഴക്കുനിന്നർക്കന്റെ പ്രഭയിൽ,

കുളിച്ചുവന്നെത്തി നിൽക്കുന്നവൾ.

അവളുടെ മുടിയിൽ നിന്നിറ്റിറ്റു -

വീഴുന്ന മഞ്ഞുതുള്ളി പോലെ.

മിഴിയിലെ കരിമഷിയാകുന്ന,

കാർമുകിൽ മാലകളും.

ചിലനേരം ദു:ഖം മഴയായി-

വിടേക്കെത്തുന്നുവെന്നു തോന്നും.

ഇനിയൊന്നു പൊട്ടിച്ചിരിച്ചാലോ,

ഹാ! കേൾക്കാം, അതിൻ ചിലമ്പൊലിയും.

നിശ്വാസം കാറ്റായി വന്നാ

ജനാലയെ മുട്ടുമ്പോൾ,

ആരുമറിയാതെ നിന്നവളൊന്നു

പുഞ്ചിരിക്കുമെന്നു തോന്നും.

ചിലപ്പോഴതാകാം ഇലകളിൽ, വെട്ടിത്തിളങ്ങുന്നത്....

# One selfie, one life

**Rohith. A K**

**9 B**

on the day of the truth, the news headline was about a child of six who was missing for three days. He was missed on their tour. They are going to a hilly place. When they reach there the hill was overcrowded. The child was missed from this place. It was team of teachers who went to the hilly place to tour. All of them was worried about that missing child, but still they are enjoying their tour. Then the teachers reach there, on the hilly area, a wonder land, the trees and small plants are dancing in the cold breeze. The sun is hotening the surface of the hills and the people, but they are not worried about the hot. They are enjoying their tour, but the parents of the missing child was worried about their lovely child. The news spread fastly through

# കിച്ചുവിനെ രക്ഷിച്ച മിക്കു

ദേവാംഗന

5 D

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ  കിച്ചുവും മിക്കുവും താമസിച്ചിരുന്നു. കിച്ചു വളരെ ബുദ്ധിശാലിയായിരുന്നു. മിക്കുവിന് തന്റെയത്ര ബുദ്ധിയില്ല എന്നാണ് കിച്ചുവിന്റെ വിചാരം. എപ്പോഴും കിച്ചുവവനെ അതുപറഞ്ഞ് കളിയാക്കുമായിരുന്നു. പക്ഷേ മിക്കു ഒന്നും മിണ്ടില്ല. ഒരു ദിവസം കിച്ചുവും മിക്കുവും കാട്ടിലേക്ക് കളിക്കാൻ പോയി. അപ്പോള് കിച്ചു മിക്കുവിനോട് പറഞ്ഞു, നിനക്ക് എന്റെയത്ര ബുദ്ധിയില്ല അതുകൊണ്ട് നീ എന്റെ പിറകിൽ വന്നാൽ മതി മിക്കു അതുപോലെ അനുസരിച്ചു. അവർ കളിക്കാൻ തുടങ്ങി.

അവർ കളിക്കുന്ന സമയത്ത് ഒരു പുലി അവിടെയെത്തി. കിച്ചു വലിയ ബുദ്ധിശാലി എന്ന വിചാരിത്തോടെ പുലിയുടെ പുറത്ത് ചാടി. ആ ശ്രമം പാഴായി. പുലിക്കൊന്നും പറ്റിയില്ല. പുലി കിച്ചുവിനെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ മിക്കു അടുത്തുണ്ടായ തെങ്ങിൽ കയറി തേങ്ങ പുലിയുടെ തലയിൽ വലിച്ചെറിഞ്ഞു. അത് കൃത്യം പുലിയുടെ തലയിൽ കൊണ്ടു. കിച്ചു പറഞ്ഞു എന്നോട് ക്ഷമിക്കണം, എപ്പോഴും നിന്നെ ഞാൻ കളിയാക്കുമായിരുന്നു പക്ഷേ നീ എന്റെ ജീവൻ രക്ഷിച്ചു. ഇപ്പോൾ എനിക്കു മനസ്സിലായി എനിക്കു മാത്രമല്ല എല്ലാവർക്കും ബുദ്ധിയുണ്ടെന്ന്. കിച്ചു ഇനി നമ്മൾ ഒന്നാണ്.

ഈ കഥയുടെ ഗുണപാഠം- എല്ലാവർക്കും സമൂഹത്തിൽ ഒരേ സ്ഥാനമാണ്.

# കൊച്ചു കാഴ്ച്ചകൾ

ഫാത്തിമ റസാഖ് - 9 A

ജനാലകൾക്കിടയിലൂടെ ഞാൻ

കണ്ടകാഴ്ച്ച കൊച്ചു കാഴ്ച്ച.......

ജീവിതമാം പ്രകൃതിയിൽ ഞാൻ

കണ്ടകാഴ്ച്ച കൊച്ചു കാഴ്ച്ച......

ഇന്നെന്റെ വീട്ടിൻ മുറ്റത്തു കണ്ടൊരാ

കാഴ്ച്ച കൊച്ചു കാഴ്ച്ച

ജനാലകൾക്കിടയിലൂടെ ഞാൻ

കണ്ടകാഴ്ച്ച കൊച്ചു കാഴ്ച്ച.....

മരങ്ങൾ ആടുന്നു മഴകൾ പെയ്യുന്നു

കുട്ടികൾ കളിക്കുന്ന  കൊച്ചു കാഴ്ച്ച

ഞങ്ങൾ സ്നേഹിക്കുന്നൊരാ പ്രക്രുതി

തരുന്ന  കൊച്ചു കാഴ്ച്ച

ഇന്നെൻ ജനാലകളിൽ ഒരേ മഴ

തുള്ളി വീഴുന്ന കാഴ്ച്ച കൊച്ചു കാഴ്ച്ച.....

ജനാലകൾക്കിടയിലൂടെ കാണുന്ന

കാഴ്ച്ച അതിമനോഹരമാം.....

ഞാൻ കണ്ട കാഴ്ച്ച മനോഹരം

# ഇരുമ്പഴിക്കുള്ളിൽ

നേഹ രമേഷ്

10 C

ആ കിളിവാതിലിൽ വിടവിലൂടെ-

പ്രഭാത കിരണങ്ങൾ വന്നുവീണു.

എൻ മുഖത്തു വന്ന് തട്ടിയവൾ

എന്നെ വന്നു വിളിച്ചുണർത്തി.

ആശുപത്രിയിലെ കലപില ശബ്ദങ്ങൾ

എൻ കാതുകളിൽ ഇരമ്പലിച്ചു.

മരുന്നുകൾ തൻ മണവും കൊണ്ട്

ഒരു കാറ്റ് വന്ന് എന്നെ തലോടി.

ആശുപത്രി കിടക്കയിൽ നിന്നു ഞാൻ

ഞെങ്ങി ഞെരുങ്ങി എഴുന്നേറ്റു പോയി,

ആ കിളിവാതിലിൻ ജാലകങ്ങൾ

പയ്യെ പിടിച്ചു തുറന്നു നോക്കി.

മാവിന്റെ കൊമ്പിലായി തൂങ്ങിടുന്നു,

പാട്ടുകൾ പാടുന്ന കോകിലങ്ങൾ

കളകളം പാടി ഒഴുകിടുന്നു

മനസ്സിനെ തഴുകുന്ന അരുവികളും.

മലകൾ തൻമറവിലൂടെത്തിനോക്കി

കുണുങ്ങി ചിരിക്കുന്ന പെൺകൊടിയും

എന്റെ ദു:ഖങ്ങൾ അകറ്റിനിർത്താൻ

വന്നു തലോടുന്ന മാരുതനും

കേരവൃക്ഷത്തിൻ ശിരസ്സിലിരുന്ന്

ഊഞ്ഞാലാടുന്ന തത്തമ്മയും

ദൂരെ നിന്നാടി നൃത്തം ചവിട്ടുന്ന

പച്ചമരങ്ങൾ തൻ ചില്ലകളും

മാടിവിളിക്കുന്ന ഈയിവളെ

കൂടെകളിക്കാൻ ഉല്ലസിച്ചീടാൻ.

അച്ഛനുമമ്മയ്ക്കും വേദനയായി

ദൈവത്തിനു പരീക്ഷണമായി

ഈയിവൾ ഇങ്ങനെ എണ്ണിതീർക്കുന്ന

അവശേഷിക്കും ദിനങ്ങളെല്ലാം.

സ്വാതന്ത്ര്യമെന്തെന്ന മറന്ന പോയി

സൗഹൃദമെന്തെന്ന മറന്നുപോയി

ബന്ധനമെന്തെന്ന ഞാനറിഞ്ഞു

വേദനയെല്ലാം രുചിച്ചറിഞ്ഞു.

ഇരുമ്പഴിക്കുള്ളിൽ ഞാനേകയായി

മൂകയായി മാത്രമിരിക്കുന്നല്ലോ.

കൂട്ടായി ആ ജനാല മാത്രം

പ്രകൃതിതൻ സുന്ദരഗീതം മാത്രം.